## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.535 — 26/04/2017-ൽ മറുപടിക്ക്

## വൈദ്യുതി ലൈനിലെ അറ്റകുറ്റപ്പണിക്കൾക്കിടെ സംഭവിക്കുന്ന അത്യാഹിതങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എസ്.ശർമ്മ<br>,, വി. ജോയി<br>,, എസ്.രാജേന്ദ്രൻ<br>,, പി.കെ. ശശി | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
| (എ) | വൈദ്യുതി ലൈനിലെ അറ്റകുറ്റപ്പണികൾക്കിടെ വൈദ്യുതാഘാതമേറ്റുള്ള അത്യാഹിതങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | അറ്റകുറ്റപ്പണികളിലേർപ്പെടുന്നവർക്ക് മെച്ചപ്പെട്ട രീതിയിലുള്ള സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | വൈദ്യുതി ലൈനുകളിലെ അറ്റകുറ്റപ്പണികളിലേർപ്പെടുന്ന ജീവനക്കാർക്കും കരാർ തൊഴിലാളികൾക്കും സുരക്ഷ ഉറപ്പവരുത്തുന്നതിനു വേണ്ടി "permit to work" (PTW) സംവിധാനം വിതരണ മേഖലയിൽ കൂടി കർശനമായി നടപ്പാക്കിയിട്ടുണ്ട്. ടി സംവിധാനം പരിപാലിക്കുന്നുണ്ടെന്നുറപ്പ വരുത്താനായി surprise inspection-നുകൾ നടത്തുന്നതിന് വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ തന്റേയും മറ്റ ഓഫീസിന്റേയും കീഴിലുള്ള ജോലിസ്ഥലങ്ങളിൽ മിന്നൽ പരിശോധനകൾ നടത്തി റിപ്പോർട്ട് നൽകുന്നുണ്ട്. അതനുസരിച്ച് വീഴ്ച വരുത്തുന്നവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഉൽപ്പാദന, പ്രസരണ, വിതരണ വിഭാഗങ്ങളിലെ എല്ലാ ഓഫീസുകളിലും ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ (Safety Cloves, Safety Belt, Safety Shoes, Earthing/Discharge Rod, Earthing Chain, First Aid Kit, Rain Coat, Ladder etc.) ലഭ്യമാക്കിയിട്ടുണ്ട്. വിതരണ വിഭാഗത്തിലെ കരാർ തൊഴിലാളികൾക്കും ആവശ്യം വേണ്ട സുരക്ഷ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ പ്രവൃത്തിദിവസങ്ങളിലും രാവിലെ സെക്ഷൻ ഓഫീസിൽ |

| | | | |
|---|---|---|---|
| | | | സൺറൈസ് മീറ്റിംഗ്-ൽ അന്നത്തെ ജോലികളിൽ സ്വീകരിക്കേണ്ടതായ മുൻകരുതലുകളെക്കുറിച്ച് ചർച്ച ചെയ്ത് സുരക്ഷാപ്രതിജ്ഞ എടുക്കുന്നുണ്ട്. കൂടാതെ എക്സിക്യൂട്ടീവ് എഞ്ചിനിയർമാരുടെ നേതൃത്വത്തിൽ സുരക്ഷ അവലോകനം ചെയ്യുന്നതിനായി തൊഴിലാളി സംഘടനാ പ്രതിനിധികളെക്കൂടി ഉൾക്കൊള്ളിച്ചു കൊണ്ട് മാസം തോറും ഡിവിഷൻ തല സുരക്ഷാ മീറ്റിംഗുകളും സംഘടിപ്പിക്കുന്നുണ്ട്.<br>സുരക്ഷാ പാലനം ഉറപ്പുവരുത്തുന്നതിനായി സബ് എഞ്ചിനീയർ മുതൽ ഇലക്ട്രിസിറ്റി വർക്കർ വരെയുള്ള ജീവനക്കാർക്ക് കൃത്യമായ ഇടവേളകളിൽ പരിശീലന ക്ലാസ്സുകൾ നടത്തിയും ജോലിസ്ഥലങ്ങളിൽ കൊണ്ടുപോയി പരിശീലനം നടത്തിയും സുരക്ഷാ നടപടികളെക്കുറിച്ചുള്ള ബോധവൽക്കരണം നടത്തുന്നുണ്ട്. വൈദ്യുതി ലൈനുകളിലും പ്രതിഷ്ഠാപനങ്ങളിലും പണിയെടുക്കുമ്പോൾ ഉണ്ടായേക്കാവുന്ന അപകടങ്ങളും അവ ഒഴിവാക്കേണ്ട രീതികളും സ്വീകരിക്കേണ്ട മുൻകരുതലുകളും ഈ പരിശീലന പരിപാടികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അപകട സാധ്യതകളെക്കുറിച്ച് മനസ്സിലാക്കുന്നതിനായി കരാർ തൊഴിലാളികൾക്കും ബോർഡിലെ ജീവനക്കാർക്കും വീഡിയോ ഡി.വി.ഡി. ഉൾപ്പെടെ ഉപയോഗിച്ച് ധാരാളം സുരക്ഷാ ക്ലാസ്സുകൾ ഫീൽഡ് ഓഫീസ് തലങ്ങളിൽ നടത്തി പരിശീലനം നൽകിവരുന്നു. Safety Belt പോലുള്ള സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുവാനും ഈ ക്ലാസ്സുകളിൽ പരിശീലിപ്പിക്കുന്നുണ്ട്. ബോർഡ് ജീവനക്കാർക്ക് ഡോക്ടർ , ഫയർഫോഴ്സ് ഉദ്യോഗസ്ഥർ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തി first aid പരിശീലനം നൽകുന്നുണ്ട്. |
| (സി) | കൃത്യനിർവ്വഹണത്തിനിടയിൽ അപകടം സംഭവിക്കുന്ന കരാർ തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും സംരക്ഷണം നൽകുന്നതിന് നിലവിൽ വ്യവസ്ഥയുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | ജോലിക്കിടയിൽ അപകടമോ അപകട മരണമോ സംഭവിക്കുന്ന ചെറുകിട കരാർ തൊഴിലാളികളുടെ (3 ലക്ഷം രൂപയ്ക്ക് താഴെയുള്ള അടങ്കൽ തുകയുള്ള കരാർ) ആശ്രിതർക്ക് പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ നഷ്ടപരിഹാരവും (3,97,480 രൂപ മുതൽ 9,14,160 രൂപ വരെ) അംഗവൈകല്യം സംഭവിക്കുന്നവർക്ക് അവശതാ നഷ്ടപരിഹാരവും, ചികിത്സാ കാലയളവിലേയ്ക്ക് അർദ്ധവാർഷിക നഷ്ടപരിഹാരവും 1923-ലെ തൊഴിലാളി |

| | | | |
|---|---|---|---|
| | | | നഷ്ടപരിഹാര നിയമം അനുസരിച്ച് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിന്നും നല്കി വരുന്നു.<br><br>3 ലക്ഷം രൂപയ്ക്ക് മുകളിലുള്ള കരാർ ജോലിയിൽ സംഭവിക്കുന്ന അപകടങ്ങൾക്ക് കരാറുകാരൻ എടുത്തിട്ടുള്ള അപകട ഇൻഷ്വറൻസ് സംരക്ഷയിൽ നിന്നും നഷ്ടപരിഹാരം അനുവദിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ